# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbcsite.com, www.kcbcsite.com


26.09.2011

All Kerala Press Release
***Ref:*** *292/KCBC/K-6/KPR*

## കുട്ടികൾ മാതാപിതാക്കളുടെ അവകാശം: കെ.സി.ബി.സി.

കൊച്ചി: കുട്ടികൾ എത്രവേണമെന്ന് തീരുമാനിക്കാനുള്ള അധികാരം പൂർണമായും മാതാപിതാക്കൾക്ക് അവകാശപ്പെട്ടതാണെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി. ഭരണാധികാരികൾക്കോ രാഷ്ട്രത്തിനോ മാതാപിതാക്കളുടെ ഈ പരമാധികാരത്തിൽ കൈകടത്താൻ അവകാശമില്ല. രണ്ട് കുട്ടികളിൽ കൂടുതൽ ഉണ്ടായാൽ മൂന്നാമത്തെ കുട്ടി മുതൽ ഓരോ കുട്ടിക്കും പതിനായിരം രൂപ പിഴയോ മൂന്നു മാസം സ്വാഭാവിക സാധാരണതടവോ നല്കണമെന്ന കേരള സംസ്ഥാന നിയമപരിഷ്കരണ കമ്മീഷന്റെ വനിതാ-ശിശു ക്ഷേമ നിയമസംഹിതയുടെ കരട് ബില്ലിലെ നിർദ്ദേശങ്ങൾ കിരാതവും മനുഷ്യാ വകാശങ്ങളുടെ ലംഘനവും മാതാപിതാക്കളുടെ പരമാധികാരത്തിന്മേലുള്ള കടന്നു കയറ്റവും ഈശ്വരവിശ്വാസത്തിനും ധാർമ്മികതയ്ക്കും എതിരുമാണ്. വിശ്വസിക്കുന്ന നന്മ പ്രചരിപ്പിക്കാൻ സ്വാതന്ത്ര്യം നല്കുന്ന ഭരണഘടനയാണ് ഭാരതത്തിന്റേത്. മക്കൾ കൂടുതൽ വേണമെന്ന് പ്രചരിപ്പിക്കുന്ന സാമൂഹിക സംഘടനകളെയും രാഷ്ട്രീയപ്രസ്ഥാനങ്ങളെയും കടുത്ത രീതിയിൽ ശാസിക്കാനുള്ള നിർദ്ദേശവും ഭരണഘടനാലംഘനവും വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റവുമാണ്.

വിവാഹമോചനങ്ങൾ സുഗമമാക്കാൻ കുടുംബകോടതികൾക്ക് പുറത്ത് സ്ഥിരം സംവിധാനം വേണമെന്ന കരട് ബില്ലിലെ നിർദ്ദേശവും ഭാരതത്തിന്റെ പവിത്രമായ സംസ്കാരത്തിനെതിരാണ്. വ്യക്തിബന്ധങ്ങൾക്കും കുടുംബങ്ങൾക്കും പാവനമായ സ്ഥാനം നല്കുന്ന സാമൂഹികസംസ്കാരമാണ് നമ്മുക്കുള്ളത്. കുടുംബബന്ധങ്ങൾ ശക്തമാക്കി കെട്ടുറപ്പുള്ള സമൂഹവും രാഷ്ട്രവും നിർമ്മിക്കാനാണ് ജനക്ഷേമം ലക്ഷ്യം വയ്ക്കുന്ന ജനാധിപത്യ സർക്കാരുകൾ പരിശ്രമിക്കേണ്ടത്. പ്രശ്നങ്ങളുള്ള കുടുംബങ്ങളെ എളുപ്പത്തിൽ ശിഥിലമാക്കി കുട്ടികളെ അനാഥരാക്കുന്ന അവസ്ഥയിലേക്ക് തള്ളിവിടുകയല്ല ക്ഷേമരാഷ്ട്രം ചെയ്യേണ്ടത്.

കുട്ടികൾ കുറയുകയും വൃദ്ധർ വർധിക്കുകയും ചെയ്യുന്ന അവസ്ഥയാണ് കേരളത്തിൽ ഇപ്പോൾ നിലനില്ക്കുന്നത്. 1998 മുതൽ 2008 വരെയുള്ള കാലയളവിൽ നമ്മുടെ സംസ്ഥാനത്ത് 55,770 കുട്ടികളുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കുട്ടികളിലാണ് രാഷ്ട്രത്തിന്റെ ഭാവി നിലനില്ക്കുന്നത് എന്നതുകൊണ്ടും, കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളാണ് പൊതുവേ ഭദ്രതയുള്ളതെന്ന് സാമൂഹികമായി തെളിയിക്കപ്പെട്ടിട്ടുള്ളതുകൊണ്ടും ഇന്ന് കുടുംബങ്ങൾ പൊതുവേ ഗർഭവിരോധ മനോഭാവമുൾക്കൊള്ളുന്നതുകൊണ്ടും കൂടുതൽ മക്കളുള്ള കടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് രാഷ്ട്രത്തിന്റെ നല്ല ഭാവി ആഗ്രഹിക്കുന്ന കേന്ദ്രസംസ്ഥാന സർക്കാരുകൾ ചെയ്യേണ്ടത്. ഗർഭച്ഛിദ്രത്തെ പ്രോത്സാഹിപ്പിക്കുന്ന ബില്ലിലെ വ്യവസ്ഥകളും മനുഷ്യമഹത്ത്വത്തിനും ജീവന്റെ മൂല്യത്തിനും എതിരാണെന്ന് കെ.സി.ബി.സി. പ്രസിഡന്റ് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, വൈസ് പ്രസിഡന്റ് ആർച്ചുബിഷപ് ഡോ. ഫ്രാൻസീസ് കല്ലറക്കൽ, സെക്രട്ടറി ജനറൽ ആർച്ചു ബിഷപ് തോമസ് മാർ കൂറിലോസ് എന്നിവർ സംയുക്തപ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.


PRESIDENT
ARCHBISHOP MAR ANDREWS THAZHATH
Archbishop's House
Trichur-680 005
Tel: +91-487-2333325, 2338203, Fax: 2338204
E-mail: athazhath@hotmail.com

VICE-PRESIDENT
ARCHBISHOP DR. FRANCIS KALLARAKAL
Latin Archbishop's House
P.B. No. 2581, Kochi- 682 031
Tel: +91-484-2372892, 2360988, Fax: 2360911
E-mail: vpoly@vsnl.com

SECRETARY GENERAL
ARCHBISHOP THOMAS MAR KOORILOS
Archbishop's House, P.B. No. 4
Manjadi, Thiruvalla- 689 101
Tel: +91-469 2701319,2730620 Fax: 2600822
E-mail: diotvla@hotmail.com

DEPUTY SECRETARY GENERAL
DR. STEPHEN ALATHARA
Pastoral Orientation Centre
Palarivattom, Kochi-682 025
Tel: +91-484-2805722, 2805815, Fax: 2806214
E-mail: stephenalathara@gmail.com